പബ്ലിക്ക് സർവ്വീസിലെ പിന്നോക്കസമുദായങ്ങൾ

*പുൻ (8) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ?

(എ) പബ്ലിക്ക് സർവ്വീസ് സംബന്ധിച്ച് പിന്നോക്കസമുദായങ്ങൾ ഏതെല്ലാമെന്ന് ഗവൺമെൻറ് നിശ്ചയിച്ചു കഴിഞ്ഞോ;

(ബി) പിന്നോക്കസമുദായം എന്നനിലയിൽ സംവരണം ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സമുദായങ്ങൾക്കുവേണ്ടി അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഈ വർഷം ഒരു പ്രത്യേകകമ്മറി രൂപീകരിച്ച് ആലോചിച്ചുവരികയാണ്.

(ബി) അപേക്ഷകൾ കിട്ടിയ സമുദായങ്ങളുടെ പട്ടിക അനുബന്ധിച്ചിരിക്കുന്നു. അതു മേശപ്പുറത്തു വച്ചിട്ടുണ്ട്. *(Placed in Library)*

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: അങ്ങനെ എത്രസമുദായങ്ങൾ ഉണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ: ലിസ്റ്റ് ഒരു പേജ് മുഴുവനുണ്ട്. വേണമെങ്കിൽ വായിക്കാം.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: എന്നാൽ വായിക്കണമെന്നില്ല. ഈപ്പോഴത്തെ കമ്മിറ്റിയിലെ മെമ്പർമാർ ആരെല്ലാം?

ശ്രീ. സി. കേശവൻ:

ശ്രീ. പി. എം. കാസിം, മെമ്പർ, റവന്യൂബോർഡ് (ചെയർമാൻ)

ശ്രീ. കെ. എസ്. രാഘവൻ, ഗവൺമെൻറ് സെക്രട്ടറി

ശ്രീ. എം. സി. തോമസ്, ഗവൺമെൻറ് സെക്രട്ടറി.

ശ്രീ. കെ. രാമുണ്ണിനായർ, ഗവൺമെൻറ് അഡിഷണൽ സെക്രട്ടറി

ശ്രീ. തോമസ് മാഞ്ഞൂരാൻ (സെക്രട്ടറിയും കമ്മറിയുടെ കൺവീനറും) മി. മാഞ്ഞൂരാൻ പേഷ്കാരായിപ്പോയതിനുശേഷം മി. ജോർജ് തോമസാണ് കൺവീനർ.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: ഈ കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ അഭിപ്രായം അറിയുന്നതിനേക്കാൾ ഗവൺമെൻറ് അഭിപ്രായം പറയുകയല്ലേ സൗകര്യമായിട്ടുള്ളത്?

ശ്രീ. സി. കേശവൻ: അതും ഒരഭിപ്രായമാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: എതെല്ലാം സംഗതികളാണ് ഗവൺമെൻറ് ഈ കമ്മിറ്റിയുടെ അഭിപ്രായം ആരാഞ്ഞിരിക്കുന്നത്?

ശ്രീ. സി. കേശവൻ: പബ്ലിക്ക് സർവ്വീസിനെ സംബന്ധിച്ചിടത്തോളം പിന്നോക്കസമുദായം, മുന്നോക്കസമുദായം ഇവ ഏതെല്ലാമാണെന്നും ഉദ്യോഗവിതരണസംബന്ധമായി ഏതെല്ലാം നിബന്ധന അംഗീകരിക്കണമെന്നും ഉള്ളതിനെ സംബന്ധിച്ചാണ് ഇപ്പോൾ നിയമം ഉണ്ടാക്കീട്ടുള്ളത്. ഓരോ സമുദായത്തിനും അതാതു സമുദായത്തിലെ ജനസംഖ്യക്കണക്കനുസരിച്ചു ഉദ്യോഗവിതരണംചെയ്യുന്നതിനുള്ള ക്രമം അംഗീകരിച്ചിരുന്നു. പിന്നോക്കസമുദായം എന്നപേരിൽ അറിയപ്പെടുന്ന സമുദായങ്ങൾ ഫീസ് സൗജന്യങ്ങൾ, ഗവൺമെൻറിൽനിന്നും മറ്റുതരത്തിൽ നൽകുന്ന ആനുകൂല്യങ്ങൾ ഇവയ്ക്കു അർഹമാണോയെന്ന

LIBRARY ARCHIVES Kerala Legislative Assembly

തിട്ടപ്പെടുത്തുന്നതിനാണ് ഇതിനെ നിയമിച്ചിട്ടുള്ളത്. അല്ലാതെ ഉദ്യോഗനിയമനം സംബന്ധിച്ചുള്ളതല്ല. കാൺസ്റ്റിറ്റ്യൂഷനിലെ ഫസ്റ്റ്-ാംവകുപ്പ് ർ-ാംഉപവകുപ്പ് അനുസരിച്ചു ഉദ്യോഗകാര്യങ്ങൾ പിന്നോക്കം നില്ക്കുന്ന സമുദായങ്ങൾക്ക് സംവരണവ്യവസ്ഥ വേണമെങ്കിൽ നിർദ്ദേശിക്കാൻ ഇൻഡ്യാ ഗവൺമെൻറ് സ്റ്റേറ്റുഗവൺമെണ്ടുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചു ഉദ്യോഗനിയമനകാര്യങ്ങളിൽ എതെല്ലാം സമുദായങ്ങൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നുണ്ടോ അവയ്ക്ക് സൗജന്യങ്ങൾ നല്കുന്നതിനുവേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിനാണ് കമ്മിറ്റിയെ നിയമിച്ചിട്ടുള്ളത്. കമ്മിറ്റി ഈ വിവരങ്ങൾ അന്വേഷിച്ചു റിപ്പോർട്ടുചെയ്യേണ്ടതാണ്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: പബ്ലിക്കുസർവ്വീസിൽ ജനസംഖ്യാനുപാതികമായി ഉദ്യോഗം ലഭിക്കുന്നില്ലായെന്നുള്ള കാര്യവും അന്വേഷിക്കുന്നതിനു ഈ കമ്മിറ്റിയെ അധികാരപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അതല്ല കാര്യം. സർവ്വീസിൽ ശതമാനം കണക്കാക്കി പ്രാതിനിധ്യം വളരെകുറഞ്ഞുവരുന്ന സമുദായങ്ങൾക്ക് അവരുടെപ്രാതിനിധ്യം നിലനിറുത്തുന്നതിനാണ് വ്യവസ്ഥചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഇതിൽ പൊതുജനാഭിപ്രായം അറിയണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: അത് ആവശ്യമാണെന്നു വിചാരിക്കുന്നില്ല. സ്റ്റാറ്റിസ്റ്റിക്സ് എടുക്കുകമാത്രമേ ചെയ്യുന്നുള്ളൂ.

ആശുപത്രികളിൽ ഉപയോഗിക്കുന്ന പാൽ

*൩൦ (൩) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) നമ്മുടെ ആശുപത്രികളിലെ രോഗികൾക്കായി പശുവിൻപാലിനുപകരം പാൽപൊടി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ആശുപത്രികളിൽ കൊടുക്കുന്ന പാലിൽ കൂടുതൽ ശതമാനം പശുവിൻപാലാണോ, പാൽപൊടിയിൽനിന്നുള്ളതാണോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ട്.

(ബി) പശുവിൻപാൽ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഡയറിഫാമുകളിൽ ഉള്ള പാൽ എല്ലാം ഗവൺമെൻറ് വാങ്ങിച്ചിട്ടാണോ വിതരണം ചെയ്യുന്നത്?

ശ്രീ. സി. കേശവൻ: അതെ.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ചിലസ്ഥലത്തു പാൽപൊടിയിൽ രോഗാണുക്കൾ കലർന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ വരാവുന്നതാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: തിരുവനന്തപുരത്തും മറ്റു സ്ഥലങ്ങളിലും പ്രവർത്തിക്കുന്ന ക്ഷീരവ്യവസായ സംഘങ്ങളിൽനിന്നും ഉള്ള പാൽ മുഴുവനും ഡിപ്പാർട്ടുമെൻറിൽനിന്നും വാങ്ങിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഡീറ്റെയിൽസ് അറിയാൻപാടില്ലെങ്കിലും കിട്ടുന്നപാൽ മുഴുവൻ, ഗവൺമെൻറ് വാങ്ങിക്കുകയും അല്ലാത്തസ്ഥലത്തു പാൽപൊടി വിതരണം ചെയ്യുകയും ആണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly